II ഇ.ബി. XII- കേരള നിയമസഭ/XIV-14

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 19, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

44 (*391) കാർഷികോല്പന്നങ്ങളുടെ വില പ്രവചിക്കാൻ വിജ്ഞാന കേന്ദ്രം

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിനു കീഴിലുള്ള ദേശീയ കാർഷിക നവീകരണ പദ്ധതിയുടെ ധനസഹായത്തോടെ 27–06–2009–ന് ദേശീയാടിസ്ഥാനത്തിൽ തുടങ്ങിയ മാർക്കറ്റ് ഇന്റലിജൻസ് സെന്ററുകളുടെ നെറ്റ് വർക്കിന്റെ കേന്ദ്രം കേരള കാർഷിക സർവ്വകലാശാല യിലും ആരംഭിച്ചിട്ടുണ്ടെന്നും നാളികേരം, കുരുമുളക്, ഏലം എന്നീ കാർഷിക വിളകളുടെ വില പ്രവചിക്കുകയാണ് ഈ കേന്ദ്രത്തിന്റെ ദൗത്യമെന്നും സഭയെ അറിയിച്ചു. കേരളത്തിലെ റബ്ബർ ഉൾപ്പെടെയുള്ള മറ്റ് പ്രധാനപ്പെട്ട വിളകളെക്കൂടി വില പ്രവചനാ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ഐ.സി.എ.ആർ-നോട് ആവശ്യപ്പെടുന്നതാണ്. ഏറ്റവും കുറഞ്ഞത് 15 വർഷത്തെ പ്രതിമാസ വിലയെ അടിസ്ഥാനമാക്കി അരിമ, ആർട്ടിഫിഷ്യൽ

ന്യൂറൽ നെറ്റ് വർക്ക് അനാലിസിസ് എന്നീ നൂതന ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് നടത്തുന്ന അപഗ്രഥനം, കർഷകരുടേയും വ്യാപാരികളുടേയും ഇടയിൽ നടത്തുന്ന സർവ്വെ എന്നിവയാണ് വില പ്രവചിക്കുന്നതിന് സ്വീകരിക്കുന്ന അടിസ്ഥാന ഘടകങ്ങൾ. കർഷകരുമായി ചേർന്നുകൊണ്ട് വില മുൻകൂട്ടി പ്രവചിക്കാനും വില കുറയുന്ന സമയത്ത് കർഷകർക്ക് വിളകൾ സംഭരിച്ചുവയ്ക്കാനും വില കൂടുന്ന സമയത്ത് അവ വിൽക്കാനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷപ്പെടുത്തുന്നതിനും അവർക്ക് വരുമാന വർദ്ധനവുണ്ടാക്കുന്നതിനും കഴിയുന്ന തരത്തിലുള്ള ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. വിജ്ഞാന കേന്ദ്രത്തിന്റേയും പ്രൈസസ് ബോർഡിന്റേയും അഗ്രിക്കൽച്ചറൽ മാർക്കറ്റിംഗ് ഫെഡറേഷന്റേയും മറ്റ് വിദഗ്ദ്ധരുടേയും ഐ.സി.എ.ആർ-ന്റെയും പ്രതിനിധികളുടെ ഒരു യോഗം അടിയന്തിരമായി വിളിച്ചുചേർത്ത് വില നിർണ്ണയത്തിന് പ്രായോഗിക രൂപം നൽകുന്നതാണ്. പ്രൊഡക്ഷൻ കോസ്റ്റുമായി ബന്ധപ്പെട്ട് കാർഷിക സർവ്വകലാശാല നടത്തിയ പഠനങ്ങൾ കർഷക സമൂഹത്തിലെത്തിക്കാനുള്ള എക്സ്റ്റൻഷൻ സംവിധാനം കൂടുതൽ വിപുലപ്പെടുത്താൻ ആലോചിക്കുന്നുണ്ട്. ആസിയൻ കരാറുമായി ബന്ധപ്പെട്ട് കേരളത്തിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് പ്രൈസസ് ബോർഡ്, കേന്ദ്ര ഗവൺമെന്റിന്റെ മാർക്കറ്റിംഗ് സംവിധാനങ്ങൾ എന്നിവയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. പി.ഡി.എസ്. സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്ന പാമോയിലിന് നൽകുന്ന സബ്സിഡി എഡിബിൾ ഓയിൽ എന്ന നിലയിൽ വെളിച്ചെണ്ണയ്ക്കുകൂടി അനുവദിക്കണമെന്നും പായ്ക്കറ്റിലാക്കിയ വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയ എട്ടര ശതമാനം

നികുതി ഒഴിവാക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2009–2010–ൽ ഇതുവരെ 24,000 ടണ്ണിലധികം കൊപ്ര സംഭരിച്ചിട്ടുണ്ട്. കേരഫെഡ് വഴിയുള്ള കൊപ്ര സംഭരണത്തിലുണ്ടായ പോരായ്മകൾ പരിഹരിക്കുന്നതിന് മാർക്കറ്റ് ഫെഡ്, കൺസ്യൂമർ ഫെഡ്, കർഷക സഹകരണ സംഘങ്ങൾ, കർഷക ക്ലസ്റ്ററുകൾ എന്നിവ വഴി കൊപ്ര സംഭരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും കൊപ്ര സംഭരിക്കാൻ സംവിധാനവും താല്പര്യവുമുള്ളവർക്ക് കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാതല അപ്രൂവൽ കമ്മിറ്റി അനുവാദം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ നോഡൽ ഏജൻസികളോടും ഉണ്ടകൊപ്രകൂടി സംഭരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കർഷക ക്ലസ്റ്ററുകളുണ്ടാക്കി പുതിയ നാളികേര ഉല്പന്നങ്ങൾ കമ്പോളത്തിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില 12 രൂപയാക്കി വർദ്ധിപ്പിക്കുകയും വില സ്ഥിരതാ ഫണ്ട് രൂപീകരിച്ച് നടപ്പിലാക്കുകയും കാർഷിക വിളകളും പച്ചക്കറികളും കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. പച്ചക്കറികളുടെ ആവശ്യകത കൂടുന്ന സന്ദർഭത്തിൽ ഉല്പാദന വർദ്ധനവിനും വിതരണത്തിനും കർഷകർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അടയ്ക്ക ഇറക്കുമതി നിരോധിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഓയിൽ പാം കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ശാസ്ത്രീയ വശങ്ങളെപ്പറ്റി ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

45 (*392) <u>നെൽവയൽ-നീർത്തട സംരക്ഷണ നിയമം</u>

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, 2008-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ നിയമ പ്രകാരം എല്ലാ ജില്ലകളിലും പഞ്ചായത്ത്/മുൻസിപ്പാലിറ്റി കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത സമിതികളുടെ അംഗീകാരത്തിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൃത്യസമയത്ത് യോഗം ചേരുന്നതിനും സമയബന്ധിതമായി പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിനും പ്രാദേശിക നിരീക്ഷണ സമിതികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിൽ കർഷകത്തൊഴിലാളി സംഘടനകളുടെ പ്രതിനിധികളെക്കൂടി പ്രാദേശിക നിരീക്ഷണ സമിതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ഓരോ ജില്ലയിലും റവന്യൂ ഡിവിഷണൽ ഓഫീസർ അദ്ധ്യക്ഷനായും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറായും തെരഞ്ഞെടുക്കപ്പെട്ട 3 കർഷകപ്രതിനിധികൾ അംഗങ്ങളായും ജില്ലാതല സമിതികളും ലാന്റ് റവന്യൂ കമ്മീഷണർ ചെയർമാനും അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, പാഡിമിഷൻ ഡയറക്ടർ, കാർഷിക സർവ്വകലാശാലാ ബയോ ഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ എന്നിവർ അംഗങ്ങളുമായി സംസ്ഥാന സമിതിയും രൂപീകരിച്ചുകഴിഞ്ഞു. നെൽവയലുകളുടെയും തണ്ണീർത്ത ടങ്ങളുടെയും ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിലെയും റവന്യൂ വകുപ്പിലെയും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുകയും ഡാറ്റാ ശേഖരിക്കുന്നതിനായി എല്ലാ

ജില്ലകൾക്കുമായി സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ 107 ലക്ഷം രൂപ വകയിരുത്തുകയും ജില്ലാ കളക്ടർ മുഖേന തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനായി വില്ലേജ്തല മാപ്പുകൾ സർവ്വേ വകുപ്പിൽനിന്ന് സൗജന്യമായും ഐ.കെ.എം. തയ്യാറാക്കി യിട്ടുള്ള റിസോഴ്സ് മാപ്പുകൾ യഥാർത്ഥ ചെലവ് ഈടാക്കിയും ജില്ലാ കള ക്ടർമാർക്ക് നൽകാനും ഉത്തരവായിട്ടുണ്ട്. ഡാറ്റാ ബാങ്ക് നോട്ടിഫൈ ചെയ്യുന്ന നെൽവയലുകളിലും തണ്ണീർത്തടങ്ങളിലും നെൽക്കൃഷി ചെയ്യണ മെന്നുള്ളതാണ് നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശം. ഡാറ്റാബാങ്ക് ശേഖരണം, വിജ്ഞാപനം എന്നിവ പൂർത്തിയാക്കുന്നതിന് 2010 ഡിസംബർ മാസംവരെ സമയം അനുവദിച്ചിട്ടുണ്ടെങ്കിലും ഡാറ്റാബാങ്ക് ശേഖരണം പല ജില്ലകളിലും ഊർജ്ജിതമായി പുരോഗമിച്ചുവരുന്നു. കഴിയുന്നത്ര വേഗത്തിൽ ഇത് പൂർത്തിയാക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് കൃഷിയോഗ്യമായതും തരിശ്ശിട്ടിരി ക്കുന്നതുമായ നെൽപ്പാടങ്ങളുടെ വിശദാംശങ്ങൾ കൃത്യമായി ലഭ്യമാകുന്ന താണ്. വളരെ വർഷങ്ങൾക്കുമുമ്പുതന്നെ നികന്ന് കിടക്കുന്നതും തെങ്ങും മറ്റ് ഫലവൃക്ഷങ്ങളുള്ളതും റവന്യൂ രേഖകളിലും മറ്റും പാടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ സ്ഥലങ്ങളുടെ കാര്യത്തിൽ ഡാറ്റാ ബാങ്ക് പൂർത്തീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. നിയമം വരുന്നതിന് മുമ്പ് നെൽവയലുകളും നീർത്തടങ്ങളും നികത്തി സ്ഥാപിച്ചിട്ടുള്ള വീട്, കെട്ടിടങ്ങൾ, മത സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയവയിൽ അത്യാവശ്യം ചിലത് ബെറ്റർമെന്റ് ഫീസ് ഈടാക്കി നിയമപരമായി റെഗുലറൈസ് ചെയ്യേണ്ടിവരും. നിലവിലുള്ള കേസ്സുകളുടെ കാര്യത്തിൽ

തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റ് ഭൂമിയൊന്നും ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 5 സെന്റും നികത്തിയെടുക്കുന്നതിന് അനുമതി നൽകാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതെങ്കിലും പൊതുവായ ആവശ്യത്തിന് മറ്റൊരു മാർഗ്ഗവുമില്ലാതെ അത്യാവശ്യമായി വരുന്ന ഘട്ടങ്ങളിൽ ശാസ്ത്രീയമായും പാരിസ്ഥിതികമായുമുള്ള പരിശോധനകൾക്ക് വിധേയമാക്കിക്കൊണ്ട് നിലം നികത്തുന്നതിന് അനുവാദം നൽകുന്നതിനുള്ള വ്യവസ്ഥയുണ്ട്. കൃഷി/റവന്യൂ/തദ്ദേശസ്വയംഭരണം/പോലീസ് വകുപ്പുകൾ സംയുക്തമായി സംഘടിതമായ നെൽവയൽ നികത്തലിനെതിരെ നിരോധന ഉത്തരവ് നൽകൽ, വാഹനങ്ങൾ പിടിച്ചെടുക്കൽ, പിഴ ചുമത്തൽ തുടങ്ങിയ നടപടികളെടുക്കുകയും വിവിധ ജില്ലകളിലായി 808 കേസുകൾ ഇതിനകം രജിസ്റ്റർ ചെയ്ത് നിരോധന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. നെൽവയൽ നികത്തലുമായി ബന്ധപ്പെട്ട് പത്രമാധ്യമങ്ങളിൽക്കൂടി വരുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽപ്പോലും അന്വേഷണം നടത്തുകയും കേസ്സെടുക്കുകയും ചെയ്യുന്നുണ്ട്. തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. തരിശുരഹിത കേരളം യാഥാർത്ഥ്യമാക്കിക്കൊണ്ട് 191 പഞ്ചായത്തുകളിൽ റവന്യൂ വകുപ്പുമായി ചേർന്ന് തരിശ് ഭൂമി കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും മറ്റുള്ള പഞ്ചായത്തുകളിലുംകൂടി ഇത് നടപ്പിലാക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കി. കൊരട്ടി തോട് സംരക്ഷിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും മണ്ണ് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള

പാവപ്പെട്ട ജനവിഭാഗങ്ങളുടെ സംരക്ഷണത്തിന് ചില നിയന്ത്രണങ്ങൾക്കുവിധേയമായി കളിമൺ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

46 (*393) <u>കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി</u>

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ശരാശരി 30 തേങ്ങയെങ്കിലും ഒരു വർഷം ലഭിക്കുന്നതും 4 മുതൽ 60 വർഷംവരെ പ്രായമുള്ളതുമായ 10 തെങ്ങുകളെങ്കിലുമുള്ള കർഷകർക്ക് ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യാവുന്നതാണെന്നും ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50 ശതമാനം നാളികേര വികസന ബോർഡും 25 ശതമാനം കർഷകനും അടയ്ക്കേണ്ടതാണെന്നും പ്രീമിയം അടയ്ക്കുന്നതും നഷ്ടപരിഹാരം ലഭിക്കുന്നതും കൃഷിഭവൻ മുഖേനയാണെന്നും തെങ്ങുകൾ ഇൻഷ്വർ ചെയ്യാൻ പ്രീമിയം ഇനത്തിൽ ആകെ 75 ശതമാനം സബ്സിഡി ലഭിക്കുന്നതുകൊണ്ട് വളരെ ചെറിയ തുക മാത്രമേ കർഷകന് ചെലവാക്കേണ്ടിവരുന്നുള്ളൂവെന്നും നാശനഷ്ടം നേരിട്ട തെങ്ങൊന്നിന് 15 വർഷം വരെയുള്ളവയ്ക്ക് 600 രൂപയും 16 മുതൽ 60 വർഷം വരെയുള്ളവയ്ക്ക് 1150 രൂപവരെയും നഷ്ടപരിഹാരം ലഭിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രകൃതി ദുരന്തങ്ങൾക്കപ്പുറം കീടരോഗ ബാധമൂലം നശിക്കുന്ന തെങ്ങുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ കിട്ടുന്ന പദ്ധതിയാണിത്. ഈ പദ്ധതി കർഷക പങ്കാളിത്തത്തോടെ വിജയകരമായി മുന്നേറുന്ന

സാഹചര്യത്തിൽ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. തെങ്ങുകൾക്കുണ്ടാകുന്ന കാറ്റുവീഴ്ച രോഗത്തിനെതിരായി കേരള കാർഷിക സർവ്വകലാശാല കണ്ടെത്തിയ ഗവേഷണഫലങ്ങൾ പ്രാവർത്തികമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണെന്നും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, ജില്ലകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്ന മിടാത്ത 3292 മുതൽ 3545 വരെയുള്ള ചോദ്യങ്ങളിൽ 44 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)